(സി) കേന്ദ്രവനസംരക്ഷണനിയമം തടസ്സം നിൽക്കുന്നു വെന്നു പറയുന്നതു ശരിയല്ല. വീതി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര വനസംരക്ഷണനിയമം അനുസരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണെന്നുള്ളതാണ് വസ്തുത.

(ഡി, ഇ) കേന്ദ്ര വനസംരക്ഷണനിയമം അനുസരിച്ചുള്ള അനുമതിക്ക് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്, ജി, എച്ച്) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക കെടുതിക്കുള്ള കേന്ദ്രഗവൺമെൻറിന്റെ ധനസഹായത്തിന് സമർപ്പിച്ചിട്ടുള്ള പദ്ധതിയിൽ ഈ റോഡിന്റെ അറകുറ്റപ്പണികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സ്വകാര്യഭൂമിയിലെ മരം മുറിച്ചുമാറ്റുന്നതിനുള്ള വ്യവസ്ഥകൾ

2026 [3138] ശ്രീ. പി. എം. അബൂബക്കർ:
,, കെ. പി. എ. മജീദ്:
,, സ്റ്റീ. ടി. അഹമ്മദ് അലി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. എം. ഹംസക്കുഞ്ഞ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യഭൂമിയിൽ നിൽക്കുന്ന മരം മുറിച്ചുമാറ്റുമ്പോൾ പകരം മരം നടണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതു ചാലിക്കാറ്റപ്പടണമെന്നു ഉറപ്പു വരുത്താൻ എന്തെങ്കിലും സംവിധാനമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മരം മുറിക്കുന്നതിന് അനുവാദം കൊടുക്കുന്നതിനു മുൻപ് മുറിക്കുന്ന അത്രയും അതേ ഇനത്തിൽപ്പെട്ടതോ അല്ലെങ്കിൽ അനുയോജ്യമായ ഇനത്തിൽപ്പെട്ടതോ ആയ വൃക്ഷങ്ങൾ ഫലപ്രദമായി പകരം നട്ടുപിടിപ്പിക്കണമെന്ന് ഒരു വ്യവസ്ഥ, അപേക്ഷകനെക്കൊണ്ട് അംഗീകരിപ്പിക്കും. കേരള വൃക്ഷസംരക്ഷണ നിയമത്തിന് ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ ഇതിനുകൂടി വ്യവസ്ഥകൾ ചട്ടത്തിൽ ഉൾപ്പെടുത്തുന്നുണ്ട്.

ഫോറസ്റ്റ് റെയിഞ്ചർ കോഴ്സിന് റിക്രൂട്ട്മെൻറ്

2027 [3139] ശ്രീ. സി. കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് റെയിഞ്ചർ കോഴ്സിന് റിക്രൂട്ട്മെൻറ് നടത്തുമ്പോൾ വനം വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിനെ പരിഗണിക്കാറുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫോറസ്റ്റ് ഗാർഡുമാരേയും ഫോറസ്റ്റർമാരേയും പ്രസ്തുത കോഴ്സിന് പരിഗണിക്കുന്നതുപോലെ വനംവകുപ്പിലെ നിർദ്ദിഷ്ട യോഗ്യതയുള്ള മറ്റു വിഭാഗം ജീവനക്കാർക്കും ഫോറസ്റ്റു റെയിഞ്ചർ കോഴ്സിന് സെലക്ഷൻ ലഭിച്ചാൽ, കോഴ്സിന്റെ കാലഘട്ടം ഡ്യൂട്ടിയായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതു പരിഗണിക്കുന്നതിന് നിലവിൽ ചട്ടമുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II. ചരമോപചാരം

ശ്രീ. വി. വി. വർക്കി, ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

ബഹുമാനപ്പെട്ട സ്പീക്കർ: ഓർഡർ, ഓർഡർ.....

തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന ശ്രീ. വി. വി. വർക്കി, കേരള നിയമസഭയിൽ അംഗമായിരുന്ന ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ എന്നിവർ നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

മദിരാശി യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ബിരുദമെടുത്തശേഷം ശ്രീ. വി. വി. വർക്കി, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ സജീവപ്രവർത്തനം ആരംഭിച്ചു. തുടർന്ന് ജീവിതപങ്കാളിയായ ശ്രീമതി അക്കാമ്മാച്ചെറിയാനോടൊപ്പം അദ്ദേഹം സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളുടെ മുഖ്യധാരയിലേക്കിറങ്ങിച്ചെല്ലുകയും ഒട്ടേറെ യാതനകൾ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

9.30 A.M.]

1939-ൽ യുവജനരംഗത്ത് പ്രവർത്തനങ്ങളിലേർപ്പെടുക വഴി അദ്ദേഹം ജയിലിലടയ്ക്കപ്പെടുകയുണ്ടായി. "ക്വിറ്റ് ഇന്ത്യാ" പ്രക്ഷോഭണത്തിൽ പങ്കെടുക്കുകമൂലവും "defence of Travancore Rules" അനുസരിച്ചും വീണ്ടും രണ്ടു പ്രാവശ്യം അദ്ദേഹം ജയിൽവാസമനുഭവിക്കേണ്ടിവന്നു. 1947-ൽ ജയിൽ വിമോചിതനായശേഷം ജീവിതാവസാനംവരെ സംസ്ഥാനത്തെ പർദ്ദിതരും ചൂഷണം ചെയ്യപ്പെട്ടവരുമായ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി ശ്രീ. വർക്കി നിരന്തരം പ്രവർത്തിച്ചുപോന്നു. 1952-ൽ വാഴൂർ നിയോജകമണ്ഡലത്തിൽ നിന്നുമാണ് അദ്ദേഹം തിരു-കൊച്ചി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. നാടിന്റെ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി ധീരമായി പടപൊരുതിയ ശ്രേഷ്ഠനായ ഒരു യോദ്ധാവിനെയാണ് ശ്രീ. വർക്കിയുടെ നിര്യാണം മൂലം നമുക്ക് നഷ്ടമായിരിക്കുന്നത്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമുന്നതനേതാക്കളിൽ ഒരാളായിരുന്ന ശ്രീ. കുഞ്ഞുണ്ണിനായർ വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ സ്വാതന്ത്ര്യസമരത്തിൽ സജീവമായ പങ്കുവഹിക്കുകയും ബ്രിട്ടീഷ് ഗവൺമെന്റിന്റെ മർദ്ദനങ്ങൾക്ക് വിധേയനാവുകയുമുണ്ടായി. സിവിൽ നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്തതിന്റെ പേരിൽ അദ്ദേഹം രണ്ടു പ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly